**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5629** **03-11-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2017-18 സാമ്പത്തികവർഷം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 90 ലക്ഷം രൂപയ്ക്ക് 24.11.2017-ൽ ആർ.ഡി.4-1023/17 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിനെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിലനിൽക്കുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ നിർമ്മാണം ആരംഭിക്കാനാകു. ഇതിന് പഴയ കെട്ടിടത്തിന്റെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങി പ്രസ്തുത സ്കൂളിൽ നിന്നും ലേല നടപടികൾ കൈക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനുമതി നേടിയിട്ടുണ്ട്. ടി നടപടി ക്രമങ്ങൾ പൂർത്തിയാകാനുണ്ടായ കാലതാമസമാണ് നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സമായത്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2021 നവംബർ പതിനഞ്ചാം തീയതിയോടു കൂടി കരാറുകാരന് സൈറ്റ് കൈമാറുന്ന താണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവർത്തിയുടെ ഭരണാനുമതി പ്രകാരമുള്ള പൂർത്തീകരണ കാലാവധി ആറു മാസമാണ്. |
| (ഡി) | കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ഭരണാനുമതി പുതുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ഡി) | ഉണ്ട്. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കു ന്നതിന് വേണ്ടി 25/10/2021 ൽ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ